**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നം. T286**

**20.06.2014 – ൽ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പയെടുക്കുന്ന കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികളും കുടുംബങ്ങളും നേരിടുന്ന പ്രയാസങ്ങളും ജപ്തിഭീഷണികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വിദ്യാഭ്യാസ വായ്പയെടുക്കുന്ന കുടുംബങ്ങൾക്ക് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എന്തെല്ലാമായിരുന്നു ; ഇത് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | (ബി) സംസ്ഥാനത്തെ ഷെഡ്യൂൾഡ്/ കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും 01.04.2004 മുതൽ 31.03.2009 വരെ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പ തുകയ്ക്ക് പഠനം പൂർത്തിയാക്കി ജോലി ലഭിയ്ക്കാത്ത ബി.പി.എൽ. വിഭാഗക്കാർക്ക് പഠന കാലാവധിയിലും അതുകഴിഞ്ഞ് ഒരു വർഷത്തേയ്ക്കും ഉള്ള പലിശ തുക സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകിവരുന്നു. |

3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാനത്തെ ഷെഡ്യൂൾഡ്/ കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും 01.04.2004 മുതൽ 31.03.2009 വരെ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പ തുകയ്ക്ക് പലിശ സബ്സിഡി നൽകുന്നതിനായി സംസ്ഥാന സർക്കാർ സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ ജില്ലാ/ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് +2 കഴിഞ്ഞുള്ള പ്രൊഫഷണൽ/ സാങ്കേതിക വിദ്യാഭ്യാസത്തിന് 01.04.2009 –നുശേഷം വിതരണം ചെയ്ത വായ്പ തുകയ്ക്ക് തിരിച്ചടവ് ആരംഭിക്കുന്നത് വരെയുള്ള പലിശ വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകി വരുന്നുണ്ട്.

ഇതിന് പുറമേ, 2009 –ന് മുൻപ് എടുത്ത വിദ്യാഭ്യാസ വായ്പയിൽ 2013 ഡിസംബർ 31 വരെയുള്ള പലിശ സബ്സിഡി പദ്ധതി കേന്ദ്ര സർക്കാർ ഇടക്കാല ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(3)

(സി) ബി.പി.എൽ കുടുംബങ്ങൾക്ക് പ്രഖ്യാപിച്ചിരുന്ന വിദ്യാഭ്യാസ വായ്പ സബ്സിഡി യഥാസമയം നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) 31.03.2014 വരെ ജില്ലാ കളക്ടർമാരിൽ നിന്നും പലിശ സബ്സിഡി നൽകുന്നതിനായി ഫണ്ട് അനുവദിക്കാനായി ലഭിച്ച നിർദ്ദേശങ്ങൾക്ക് സംസ്ഥാന സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷത്തിന്റെ അവസാനം ഫണ്ട് അനുവദിച്ചതിനാലും ലോക്സഭാ തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാലും അനുവദിച്ച മുഴുവൻ സബ്സിഡി തുകയും നൽകാൻ കഴിഞ്ഞിട്ടില്ല.

(ഡി) വിദ്യാഭ്യാസ വായ്പയെടുത്ത-തിന്റെ പേരിൽ ജപ്തി ഭീഷണിയും പോലീസ് കേസും നേരിടുന്ന കുടുംബങ്ങളെ സഹായിക്കുന്ന-തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദ-മാക്കാമോ?

(ഡി) വിദ്യാഭ്യാസ വായ്പയിന്മേൽ സംസ്ഥാന സർക്കാരും, ബാങ്കുകളും സ്വീകരിച്ച റിക്കവറി നടപടികൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം 09.10.2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

അർഹമായ കേസുകളിൽ റിസർവ്വ് ബാങ്ക്, കേന്ദ്ര സർക്കാർ എന്നിവയുടെ നിയമങ്ങൾക്ക് വിധേയമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പ കാലാവധി ദീർഘിപ്പിക്കുന്ന നടപടികൾ ബാങ്കുകൾ നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ